ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1038 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ 635 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വിജിലൻസ് കേസുകളിൽ 372 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) പഞ്ചായത്തു വകുപ്പിലാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.;

(സി) പിൻവലിച്ചിട്ടില്ല.

മാധ്യമ പ്രവർത്തകർക്കെതിരെ വിജിലൻസ് പോലീസിന്റെ അതിക്രമം

22 [1669] *ശ്രീ. പി. എസ്. സുപാൽ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂൺ മാസം 13-ാം തീയതി തൃശ്ശൂരിൽ വച്ച് മാധ്യമ പ്രവർത്തകരെ വിജിലൻസ് പോലീസുകാർ മർദ്ദിച്ചതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പരാതിയിലെ കുറ്റക്കാർ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശൂർ വിജിലൻസ് ഓഫീസിലേക്ക് കയറിയ സൂര്യ ടി.വി. റിപ്പോർട്ടർ ജെയ്സണെ വിജിലൻസ് ഓഫീസിലെ പോലീസുകാരൻ ശെൽവരാജ് കൈകൊണ്ടിടിച്ചു എന്ന പരാതിക്ക് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 636/05 യു/എസ്. 341, 323, 506 (1), 427 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) കേസ് തൃശ്ശൂർ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. അന്വേഷിച്ചു വരികയാണ്. ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly